**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 254** **03-08-2021 - ൽ മറുപടിയ്ക്ക്**

**വളത്തിന്റെയും രാസവസ്തുക്കളുടെയും വില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ . സണ്ണി ജോസഫ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വളത്തിന്റെയും കൃഷിക്കാവശ്യമായ രാസവസ്തുക്കളുടെയും വില വർദ്ധനവ് കോവിഡ് കാരണം പ്രതിസന്ധിയിലായ കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൃഷിക്കാവശ്യമായ രാസവളങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടില്ല. എന്നാൽ കീടനാശിനികൾക്ക് ഉത്പാദക കമ്പനികൾ വില വർദ്ധിപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കൃഷിക്കാവശ്യമായ വളവും രാസവസ്തുക്കളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും ഇടപെടൽ നടത്തുന്നുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന സുസ്ഥിര നെൽകൃഷി വികസനം, നാളികേര വികസനം, പച്ചക്കറി വികസനം, സുഗന്ധവ്യഞ്ജന വികസനം, സമഗ്ര കുരുമുളക് വികസനം, ഗ്രാമ്പൂ/ ജാതികൃഷി വികസനം, വയനാട് ജില്ലയുടെ കാർഷിക മേഖലയുടെ പുനരുദ്ധാരണ പദ്ധതി, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വിസ്തൃതി വർദ്ധിപ്പിക്കൽ, സമഗ്ര കാപ്പി വികസനം, വെള്ളപ്പൊക്ക പ്രദേശങ്ങളിലെ ജാതിയുടെ പുനരുദ്ധാരണ പദ്ധതി എന്നീ പദ്ധതികളിൽ ഉത്പാദനോപാധികളായ വളം, കീടനാശിനി എന്നിവയ്ക്ക് സബ്സിഡി നൽകി വരുന്നുണ്ട്. ഇതിന് ഉപരിയായി ജനകീയാസൂത്രണത്തിലൂടെ നടപ്പിലാക്കുന്ന പദ്ധതികളിലും ഉല്പാദനോപാധികളായ വളം, കീടനാശിനി എന്നിവ 50% സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് വളങ്ങൾ നിർമ്മിക്കുവാൻ ഉത്പാദകർക്ക് നൽകുന്ന സബ്സിഡിക്ക് പുറമെയാണ് സംസ്ഥാന സർക്കാർ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി ടി സബ്സിഡി കർഷകർക്ക് നേരിട്ട് നൽകുന്നത്. |
| (സി) | കൃഷിക്കാവശ്യമായ വളത്തിന്റെയും രാസവസ്തുക്കളുടെയും വില നിയന്ത്രണ വിധേയമാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കാമോ; ഇതിനായി | (സി) | കൃഷിക്കാവശ്യമായ രാസവളങ്ങളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരാണ്. കീടനാശിനികളുടെ വില ഉത്പാദക കമ്പനികൾ തന്നെയാണ് നിശ്ചയിക്കുന്നത്. ആയതിന് ഒരു |

| | | | |
|---|---|---|---|
| | ഇതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിയ്ക്കാമോ? | | നിയന്ത്രണം ഏർപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ